C 83363 (Pages : 2) Name.....................................

Reg. No..................................

# SECOND SEMESTER P.G. DEGREE EXAMINATION, APRIL 2020

(CCSS)

Malayalam

MAL 2C 08—LITERARY THEORIES – INDIAN

(2019 Admissions)

Time : Three Hours Maximum : 80 Marks

I. അരപ്പുറത്തിൽ കവിയാതെ ഏതെങ്കിലും **നാലു** ചോദ്യത്തിന് ഉത്തരമെഴുതുക :

1 ഭാരതീയ മഹാകാവ്യങ്ങളിലെ നായകസങ്കല്പം എന്താണ് ?

2 നാടകത്തിലെ പഞ്ചസന്ധികൾ ഏവ ?

3 വിഭാവം എന്നാൽ എന്ത് ? എത്രതരം ? വിശദമാക്കുക.

4 'വിശിഷ്ടാപദരചനാരീതിഃ' വ്യാഖ്യാനിക്കുക.

5 ഗുണീഭൂതവ്യംഗ്യം—കുറിപ്പെഴുതുക.

6 സമാസോക്തി അലങ്കാരത്തിന് ലക്ഷ്യലക്ഷണ സമന്വയം ചെയ്യുക.

7 'ഗുരുലഘുസ്ഥാനഭേദത്താലെട്ടുമാതിരി'—വിശദീകരിക്കുക.

(4 × 2 = 8 marks)

II. നാലു പുറത്തിൽ കവിയാതെ **നാലു** ചോദ്യത്തിന് ഉത്തരമെഴുതുക :

8 ഭരതമുനിയുടെ 'നാട്യശാസ്ത്രം' എന്ന ഗ്രന്ഥത്തിന്റെ ഉള്ളടക്കം വിശകലനം ചെയ്യുക.

9 ധ്വനിയെ നിർവചിച്ച് അവാന്തര വിഭാഗങ്ങളെക്കുറിച്ച് വിവരിക്കുക.

10 അഭിധ എന്നാൽ എന്ത് ? അഭിധാനിയാമകങ്ങൾ ഏതെല്ലാം ? വിശദമാക്കുക.

11 കാവ്യപ്രയോജനത്തെക്കുറിച്ചുള്ള വിവിധ ആലങ്കാരികന്മാരുടെ അഭിപ്രായങ്ങൾ സംക്ഷേപിക്കുക.

12 അപ്രസ്തുത പ്രശംസ, അർത്ഥാന്തരന്യാസം എന്നീ അലങ്കാരങ്ങൾക്ക് ലക്ഷ്യലക്ഷണ സമന്വയം ചെയ്ത് അവ തമ്മിലുള്ള സാമ്യവ്യത്യാസങ്ങൾ ചൂണ്ടിക്കാണിക്കുക.

13 കിളിപ്പാട്ടു വൃത്തങ്ങൾ ഏതെല്ലാമാണ് ? ഓരോന്നിനും ലക്ഷ്യലക്ഷണ സമന്വയം ചെയ്യുക.

(4 × 10 = 40 marks)

CHMK LIBRARY UNIVERSITY OF CALICUT

III. ആറു പുറത്തിൽ കവിയാതെ ഏതെങ്കിലും **രണ്ടു** ചോദ്യത്തിന് ഉത്തരമെഴുതുക :

14 അലങ്കാരം എന്തെന്ന് നിർവചിക്കുന്നതിലും അലങ്കാരസംഖ്യ നിർണ്ണയിക്കുന്നതിലും ഭാരതീയാലങ്കാരികന്മാർ തികച്ചും വിഭിന്നമായ നിലപാടുകളാണ് പുലർത്തിയിട്ടുള്ളത്—സോദാഹരണം സമർത്ഥിക്കുക.

15 ആധുനിക പാരിസ്ഥിതിക ലാവണ്യശാസ്ത്രവുമായി തിണസങ്കല്പത്തെ ബന്ധപ്പെടുത്താമോ ? ചർച്ച ചെയ്യുക.

16 വക്രോക്തിയെ കുന്തകൻ നിർവചിക്കുന്നതെങ്ങനെ ? കുന്തകൻ നിർദ്ദേശിച്ച വക്രോക്തി വിഭാഗങ്ങളെക്കുറിച്ച് സോദാഹരണം വിവരിക്കുക.

17 സംസ്കൃതവൃത്തങ്ങളും ഭാഷാവൃത്തങ്ങളും തമ്മിലുള്ള മൗലികമായ അന്തരങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുക.

(2 × 16 = 32 marks)

CHMK LIBRARY UNIVERSITY OF CALICUT

C 83362 (Pages : 2) Name.....................................

Reg. No...................................

# SECOND SEMESTER P.G. DEGREE EXAMINATION, APRIL 2020

(CCSS)

Malayalam

MAL 2C 07—LINGUISTICS

(2019 Admissions)

Time : Three Hours Maximum : 80 Marks

I. അരപ്പുറത്തിൽ കവിയാതെ ഏതെങ്കിലും **നാലു** ചോദ്യത്തിന് ഉത്തരമെഴുതുക :

1 ഭാഷ അഭ്യസ്തവൃത്തിയാണെന്ന് പറയുന്നതിന് അടിസ്ഥാനമെന്ത് ?

2 സങ്കരഭാഷ (Pidgin) വെങ്കലഭാഷ(Creole)യായി മാറുന്നത് ഏത് സാഹചര്യത്തിലാണ് ?

3 സ്വനിമവും രൂപിമവും തമ്മിലുള്ള സാജാത്യവൈജാത്യങ്ങൾ എന്തെല്ലാം ?

4 ലേഖിമം (Grapheme) എന്നാൽ എന്ത് ?

5 രൂപസിദ്ധി പ്രത്യയ(Inflectional Affixes)ങ്ങളുടെ വ്യാകരണപരമായ ധർമ്മം എന്താണ് ?

6 ഭാഷാക്ഷേത്രം (Linguistic Area) എന്നതു കൊണ്ട് അർത്ഥമാക്കുന്നതെന്ത് ?

7 വ്യവഹാരാപഗ്രഥനം (Discourse Analysis) എന്നാൽ എന്ത് ?

(4 × 2 = 8 marks)

II. നാലു പുറത്തിൽ കവിയാതെ ഏതെങ്കിലും **നാലു** ചോദ്യത്തിന് ഉത്തരമെഴുതുക :

8 മലയാളത്തിലെ സ്വരവ്യഞ്ജനങ്ങളെ ഉച്ചാരണസമ്പ്രദായത്തിന്റെ അടിസ്ഥാനത്തിൽ എങ്ങനെ വർഗ്ഗീകരിക്കാം ?

9 ഘടനാത്മക ഭാഷാശാസ്ത്രത്തിന്റെ വികാസപരിണാമങ്ങൾ അവലോകനം ചെയ്യുക.

10 വിവിധ ഭാഷാപഗ്രഥന രീതികളെക്കുറിച്ച് വിവരിക്കുക.

11 രൂപിമം എന്നാൽ എന്ത് ? രൂപിമവിഭാഗങ്ങൾ ഏവ ? സോദാഹരണം വിശദമാക്കുക.

12 ഭാഷാഭേദ വിജ്ഞാനവും സാമൂഹിക ഭാഷാശാസ്ത്രവും തമ്മിൽ എങ്ങനെ ബന്ധപ്പെട്ടിരിക്കുന്നു ? അവ തമ്മിലുള്ള പ്രധാന വ്യത്യാസങ്ങൾ എന്തെല്ലാം ?

13 വിവിധ ഉപാധികളുടെ അടിസ്ഥാനത്തിൽ നിഘണ്ടുക്കളെ എങ്ങനെ വർഗ്ഗീകരിക്കാം ? മലയാളത്തിൽ നിന്ന് ഉദാഹരണങ്ങൾ കണ്ടെത്തി വിശദീകരിക്കുക.

(4 × 10 = 40 marks)

Turn over

CHMK LIBRARY UNIVERSITY OF CALICUT

III. ആറു പുറത്തിൽ കവിയാതെ ഏതെങ്കിലും രണ്ടു ചോദ്യത്തിന് ഉത്തരമെഴുതുക :

14 ലോകത്തിലെ പ്രധാനപ്പെട്ട ഭാഷാഗോത്രങ്ങൾ ഏതെല്ലാം ? ഓരോന്നിനെക്കുറിച്ചും വിവരണക്കുറിപ്പുകൾ തയ്യാറാക്കുക.

15 സ്വനവിജ്ഞാനത്തിന്റെ പഠനലക്ഷ്യം, പഠനമേഖലകൾ, പഠനരീതികൾ എന്നിവയെക്കുറിച്ച് വിവരിക്കുക.

16 പാരമ്പര്യ വ്യാകരണത്തിലെ സന്ധിയുടേതിനേക്കാൾ വളരെ വിപുലമായ ഒരു മണ്ഡലമാണ് ഭാഷാശാസ്ത്രത്തിലെ രൂപസ്വനിമിക(Morphophonemics)ത്തിന്റേത്—സോദാഹരണം വിശദമാക്കുക.

17 ഭാഷാഭേദഭൂപടം എന്താണ് ? അത് തയ്യാറാക്കുന്നത് എങ്ങനെ ?

(2 × 16 = 32 marks)

CHMK LIBRARY UNIVERSITY OF CALICUT

**C 83361** (Pages : 2) Name.....................................

Reg. No..................................

# SECOND SEMESTER P.G. DEGREE EXAMINATION, APRIL 2020

(CCSS)

Malayalam

## MAL 2C 06—HISTORY OF LANGUAGE AND PLANNING

(2019 Admissions)

Time : Three Hours Maximum : 80 Marks

I. അരപ്പുറത്തിൽ കവിയാതെ ഏതെങ്കിലും **നാലു** ചോദ്യത്തിന് ഉത്തരമെഴുതുക :

1. മലയാള ഗദ്യത്തിന്റെ ചരിത്രത്തിൽ 'ഭാഷാകൗടലീയ'ത്തിനുള്ള പ്രാധാന്യമെന്ത് ?
2. കൊടുന്തമിഴ് മലയാളമായി പരിണമിച്ചതിന് കേരളപാണിനി കണ്ടെത്തിയ മൂന്ന് കാരണങ്ങൾ ഏവ ?
3. അറബി-മലയാളം ലിപി രൂപപ്പെടുത്തിയിരിക്കുന്നതെങ്ങനെ ?
4. 'ഹോർത്തൂസ് മലബാറിക്കൂസ് ' എന്ന ഗ്രന്ഥത്തിന്റെ അച്ചടിയുമായി ബന്ധപ്പെട്ട വിവരങ്ങൾ സംക്ഷേപിക്കുക.
5. ഭാഷാസൂത്രണം (Language Planning) എന്നാൽ എന്ത് ?
6. യൂണിക്കോഡ് ലിപിസഞ്ചയത്തിന്റെ പ്രത്യേകതകൾ എന്തെല്ലാം ?
7. ക്ലാസ്സിക് ഭാഷയ്ക്ക് ഉണ്ടായിരിക്കണമെന്ന് നിഷ്ക്കർച്ചിട്ടുള്ള യോഗ്യതകൾ എന്തെല്ലാമാണ് ?

(4 × 2 = 8 marks)

II. നാലു പുറത്തിൽ കവിയാതെ ഏതെങ്കിലും **നാലു** ചോദ്യത്തിന് ഉത്തരമെഴുതുക :

8. ദ്രാവിഡ ഭാഷാകുടുബത്തിലെ പുഷ്ടഭാഷകൾ ഏതെല്ലാമാണ് ? ഓരോന്നിനെക്കുറിച്ചും ലഘുവിവരണം നൽകുക.
9. മണിപ്രവാള ലക്ഷണസൂത്രം വിശദീകരിച്ച് മണിപ്രവാള വിഭാഗങ്ങളെക്കുറിച്ച് പ്രതിപാദിക്കുക.
10. മലയാളം അച്ചടിയുടെ ചരിത്രത്തിലെ സുപ്രധാന ഘട്ടങ്ങളെക്കുറിച്ച് വിവരിക്കുക.
11. ഹെർമ്മൻ ഗുണ്ടർട്ടിന്റെ ഭാഷാസേവനങ്ങൾ അവലോകനം ചെയ്യുക.
12. നഷ്ടപ്പെട്ട മലയാളത്തനിമയെ തിരിച്ചു കൊണ്ടു വരുവാനുള്ള ശ്രമമായി വേണം കമ്പ്യൂട്ടറിനു വേണ്ടിയുള്ള ലിപിപരിഷ്ക്കരണ ശ്രമങ്ങളെ കാണേണ്ടത്—നിരൂപിക്കുക.
13. യന്ത്രതർജ്ജമ (Machine Translation) എന്നാൽ എന്ത് ? അതിന്റെ വിവിധ ഘട്ടങ്ങളെക്കുറിച്ച് വിശദീകരിക്കുക.

(4 × 10 = 40 marks)

Turn over

CHMK LIBRARY UNIVERSITY OF CALICUT

III. ആറു പുറത്തിൽ കവിയാതെ ഏതെങ്കിലും **രണ്ടു** ചോദ്യത്തിന് ഉത്തരമെഴുതുക :

14 മലയാള ഭാഷയുടെ ഉല്പത്തിയുമായി ബന്ധപ്പെട്ട സംസ്കൃതജന്യവാദം എന്തെന്ന് വിശദീകരിക്കുക.

15 മലയാള ഭാഷാ പഠനത്തിന്റെ പരിതാപകരമായ അവസ്ഥയെക്കുറിച്ചുള്ള നൊമ്പരങ്ങളാണ് 'നാട്ടു ഭാഷാ വിദ്യാഭ്യാസം' എന്ന ലേഖനത്തിലൂടെ ഏ.ആർ. രാജരാജവർമ്മ പങ്കുവയ്ക്കുന്നത്—ഉപപാദിക്കുക.

16 ജനാധിപത്യ ഭരണ സംവിധാനത്തിൽ ഭരണം മാതൃഭാഷയിലൂടെ എന്ന ആശയത്തിന്റെ പ്രസക്തിയും സാധ്യതകളും അവലോകനം ചെയ്യുക.

17 നവസാങ്കേതിക മേഖലകളിലെ വ്യവഹാരങ്ങൾക്കായി ഭാഷയെ ചിട്ടപ്പെടുത്തേണ്ട ആവശ്യമുണ്ടോ ? ചർച്ച ചെയ്യുക.

(2 × 16 = 32 marks)

CHMK LIBRARY UNIVERSITY OF CALICUT

**C 83360** (Pages : 2) Name..................................

Reg. No..................................

# SECOND SEMESTER P.G. DEGREE EXAMINATION, APRIL 2020

(CCSS)

Malayalam

## MAL 2C 05—ആധുനിക മലയാള ഗദ്യം (MODERN MALAYALAM PROSE)

(2019 Admissions)

Time : Three Hours Maximum : 80 Marks

I. അരപ്പുറത്തിൽ കവിയാതെ ഏതെങ്കിലും **നാല്** ചോദ്യത്തിന് ഉത്തരമെഴുതുക :

1 കണ്ടങ്കോരൻ ക്രിസ്ത്യാനിയാകാനുണ്ടായ സാഹചര്യം എന്തായിരുന്നു ?

2 വൈത്തിപ്പട്ടരുടെ ആകാരപ്രകൃതി നോവലിസ്റ്റ് അവതരിപ്പിച്ചിരിക്കുന്നതെങ്ങനെ ?

3 'കാല'ത്തിലെ തങ്കമണി, സുമിത്ര എന്നിവരുടെ സ്വഭാവസവിശേഷതകൾ താരതമ്യം ചെയ്യുക.

4 'സാറാമ്മേ അതെന്നെ ഓർമ്മിപ്പിക്കാതെ, പുരുഷന്മാർക്കും അസൂയയുണ്ടെന്ന് ഓർമ്മിക്ക് ' വക്താവാര് ? വിവക്ഷിതം എന്ത് ?

5 ചിത്രകലയുടെ പരിമിതികൾ എന്തെല്ലാം ?

6 'രുദ്രാക്ഷ മാഹാത്മ്യ'ത്തിന് അന്നത്തെപ്പോലെ ഇന്നും പ്രസക്തിയുണ്ട്'—വിശദമാക്കുക.

7 'കണ്ടവന്റെ മൊതലിന് അതിരു കടന്ന് ആശിക്കുന്നത് നന്നല്ല'—വക്താവാര് ? സന്ദർഭം വ്യക്തമാക്കുക.

(4 × 2 = 8 marks)

II. നാലു പുറത്തിൽ കവിയാതെ ഏതെങ്കിലും **നാല്** ചോദ്യത്തിന് ഉത്തരമെഴുതുക :

8 'മനുഷ്യനന്മയിലുള്ള അഗാധമായ വിശ്വാസം കാരൂർ കഥകൾക്ക് ശക്തിയും സാന്ദ്രതയും നല്കുന്നു' —'മോതിരം' എന്ന കഥയെ ആധാരമാക്കി നിരൂപിക്കുക.

9 'ഇരുമ്പൻ ഗോവിന്ദൻ നായരുടെയും കുഞ്ചുക്കുട്ടിയുടെയും ജീവിതത്തിൽ ഗതിഭേദം വരുത്തിയത് ഖിലാഫത്ത് പ്രക്ഷോഭണമാണ്'—പരിശോധിക്കുക.

10 ആത്മകഥാ സാഹിത്യം എന്നാലെന്ത് ? ആത്മകഥാ സാഹിത്യം എന്ന നിലയിൽ 'കാവ്യലോക സ്മരണ'യെ വിലയിരുത്തുക.

11 'പ്രകൃതി ദൃശ്യങ്ങൾ യാത്രാവിവരണ കൃതികളെ മനോഹരമാക്കുന്നു'—'വഴിയമ്പലത്തിലും പുൽത്തകിടിയിലും' എന്ന അദ്ധ്യായത്തെ ആധാരമാക്കി നിരൂപിക്കുക.

Turn over

CHMK LIBRARY UNIVERSITY OF CALICUT

12 സമകാലിക സാമൂഹ്യ ജീവിതത്തിലെ കോമാളി വേഷങ്ങളെ വി.കെ.എൻ. പരിഹസിക്കുന്നതെങ്ങനെ ? ഉദാഹരണസഹിതം വ്യക്തമാക്കുക.

13 പാപത്തെക്കുറിച്ചുള്ള പാരമ്പര്യ-നവീനസങ്കല്പങ്ങൾ 'അവൻ വീണ്ടും വരുന്നു' എന്ന നാടകത്തിൽ കടന്നു വരുന്നതെങ്ങനെയെന്ന് വിശദമാക്കുക.

(4 × 10 = 40 marks)

III. ആറു പുറത്തിൽ കവിയാതെ ഏതെങ്കിലും രണ്ട് ചോദ്യത്തിന് ഉത്തരമെഴുതുക :

14 'നാഗരികതയുടെ പ്രത്യയ ശാസ്ത്രങ്ങളെയെല്ലാം ശിഥിലമാക്കുന്ന ജീവിതാവസ്ഥകളാണ് ബഷീറിന്റെ 'ശബ്ദങ്ങൾ' എന്ന നോവലിൽ പ്രതിഫലിക്കുന്നത്'—ഈ അഭിപ്രായത്തിന്റെ സാധുത പരിശോധിക്കുക.

15 മനുഷ്യപുത്രി, കോലാട്, അമ്മ എന്നോടു പറഞ്ഞ നുണകൾ എന്നീ കഥകളെ ആസ്പദമാക്കി സ്ത്രീപക്ഷ രചനകളുടെ സവിശേഷതകൾ—വിലയിരുത്തുക.

16 'കാഞ്ചനസീത'യിലെ വിഷയം സീതാപരിത്യാഗമല്ല ; സീതാപരിത്യാഗത്തിനു ശേഷം അശ്വമേധ സമയത്ത് രാമന്റെ അന്തരംഗത്തിലുണ്ടാകുന്ന സംഘട്ടനങ്ങളുടെ ദുരന്തമാണ്'—ശരിയോ ? സമർത്ഥിക്കുക.

17 പാശ്ചാത്യവും പൗരസ്ത്യവുമായ കലകൾ തമ്മിലുള്ള സാജാത്യ വൈജാത്യങ്ങളെക്കുറിച്ച് വിശദമാക്കുക.

(2 × 16 = 32 marks)

CHMK LIBRARY UNIVERSITY OF CALICUT

**C 4631** (Pages : 2) Name.....................................

Reg. No.................................

## SECOND SEMESTER M.A. DEGREE (REGULAR/SUPPLEMENTARY) EXAMINATION, APRIL 2021

(CBCSS)

Malayalam

MAL 2C 08—LITERARY THEORIES – INDIAN

(2019 Admissions)

Time : Three Hours Maximum : 30 Weightage

### General Instructions

1. *In cases where choices are provided, students can attend* **all** *questions in each section.*
2. *The minimum number of questions to be attended from the Section / Part shall remain the same.*
3. *There will be an overall ceiling for each Section / Part that is equivalent to the maximum weightage of the Section / Part.*

I. രണ്ടു പുറത്തിൽ കവിയാതെ ഏതെങ്കിലും **നാലു** ചോദ്യത്തിന് ഉത്തരമെഴുതുക. വെയ്റ്റേജ് 2 വീതം :

1 മമ്മടന്റെ അഭിപ്രായത്തിൽ കാവ്യപ്രയോജനങ്ങൾ എന്തെല്ലാമാണ് ?

2 സഹൃദയൻ ആരാണ് ? സഹൃദയനുണ്ടായിരിക്കേണ്ട മുഖ്യഗുണങ്ങൾ ഏവ ?

3 ഉൽപ്രേക്ഷയും സസന്ദേഹവും തമ്മിലുള്ള സാമ്യവ്യത്യാസങ്ങൾ എന്തെല്ലാം ?

4 ഉല്ലേഖം, യമകം എന്നീ അലങ്കാരങ്ങൾക്ക് ലക്ഷ്യലക്ഷണ സമന്വയം ചെയ്യുക.

5 ഗുണീഭൂതവ്യംഗ്യം എന്നാൽ എന്ത് ? അലങ്കാരവുമായി ഇതിനുള്ള ബന്ധം വ്യക്തമാക്കുക.

6 ഐന്തിണകൾ ഏതെല്ലാമാണ് ? ഓരോ തിണയുടെയും ഘടകങ്ങളും പ്രത്യേകതകളും വിവരിക്കുക.

7 കാകളി ജന്യവൃത്തങ്ങളെ സോദാഹരണം പരിചയപ്പെടുത്തുക.

(4 × 2 = 8 weightage)

II. നാലു പുറത്തിൽ കവിയാതെ ഏതെങ്കിലും **നാലു** ചോദ്യത്തിന് ഉത്തരമെഴുതുക. വെയ്റ്റേജ് 3 വീതം :

8 ഭാരതീയ കാവ്യമീമാംസകരുടെ കാവ്യനിർവചനങ്ങൾ ഉദ്ധരിച്ച് വ്യാഖ്യാനിക്കുക.

9 പദം, വാക്യം, അർത്ഥം എന്നീ മൂന്നു തലങ്ങളിലും സംഭവിക്കുന്ന കാവ്യദോഷങ്ങളെക്കുറിച്ച് സോദാഹരണം വിവരിക്കുക.

10 ഭാഷാഭൂഷണത്തിലെ അലങ്കാര വർഗ്ഗീകരണം വിശദമാക്കി അത് യുക്തിയുക്തമായിട്ടുണ്ടോ എന്ന് പരിശോധിക്കുക.

Turn over

CHMK LIBRARY UNIVERSITY OF CALICUT

11 രസനിഷ്പത്തിയെക്കുറിച്ചുള്ള വ്യാഖ്യാനഭേദങ്ങൾ ക്രോഡീകരിക്കുക.

12 ഔചിത്യസിദ്ധാന്തം രസധ്വനിസിദ്ധാന്തങ്ങളുടെ പൂരകമാണ് —നിരൂപിക്കുക.

13 വക്രോക്തി എന്നാൽ എന്ത് ? വക്രതാപ്രകാരങ്ങൾ ഏവ ? വിശദമാക്കുക.

14 'വൃത്തമഞ്ജരി'യിലെ പരിഭാഷാ പ്രകരണത്തിന്റെ ഉള്ളടക്കം വിശകലനം ചെയ്യുക.

(4 × 3 = 12 weightge)

III. **രണ്ടു** ചോദ്യത്തിന് ഉത്തരമെഴുതുക. ഓരോന്നും ആറു പുറത്തിൽ കവിയരുത് . വെയ് റ്റേജ് 5 വീതം :

15 ദശരൂപകങ്ങൾ ഏതെല്ലാമാണ് ? ഓരോന്നിനെക്കുറിച്ചും വിവരണക്കുറിപ്പുകൾ തയ്യാറാക്കുക.

16 സംസ്കൃതത്തിലെ അലങ്കാരശാസ്ത്രത്തിന്റെ ഉത്ഭവവികാസ ചരിത്രം സംക്ഷേപിക്കുക.

17 ''ഭാരതീയ കാവ്യ ശാസ്ത്രത്തിന്റെ രാജപാതയായി മാറിയ ധ്വനി സിദ്ധാന്തം മറ്റു സിദ്ധാന്തങ്ങളെയെല്ലാം ഊടുവഴികളാക്കി മാറ്റി''— ഈ അഭിപ്രായത്തിന്റെ സാധുത പരിശോധിക്കുക.

18 രീതി സങ്കല്പത്തിന് ഭരതൻ തൊട്ട് വാമനൻ വരെയുള്ള കാവ്യമീമാംസകരുടെ ചിന്തകളിലൂടെ സംഭവിച്ച പരിണാമം എന്തെന്ന് വിശദമാക്കുക.

(2 × 5 = 10 weightage)

CHMK LIBRARY UNIVERSITY OF CALICUT

**C 4630** (Pages : 2) Name.....................................

Reg. No..................................

# SECOND SEMESTER M.A. DEGREE (REGULAR/SUPPLEMENTARY) EXAMINATION, APRIL 2021

(CBCSS)

Malayalam

MAL 2C 07—LINGUISTICS

(2019 Admissions)

Time : Three Hours Maximum : 30 Weightage

## General Instructions

1. *In cases where choices are provided, students can attend* **all** *questions in each section.*
2. *The minimum number of questions to be attended from the Section / Part shall remain the same.*
3. *There will be an overall ceiling for each Section / Part that is equivalent to the maximum weightage of the Section / Part.*

I. രണ്ടു പുറത്തിൽ കവിയാതെ ഏതെങ്കിലും **നാലു** ചോദ്യത്തിന് ഉത്തരമെഴുതുക. വെയ് റ്റേജ് 2 വീതം :

1 ഭാഷാസമാർജനം (Language Acquisition) എന്നാൽ എന്ത് ?

2 സങ്കരഭാഷ(Pidgin)യും വെങ്കലഭാഷ(Creole)യും തമ്മിലുള്ള വ്യത്യാസം വ്യക്തമാക്കുക.

3 സ്വനം, സ്വനിമം, ഉപസ്വനം–നിർവചിച്ചുദാഹരിക്കുക.

4 സമാക്ഷരലോപം (Haplology), സ്ഥാനവിപര്യയം (Metathesis) എന്നീ ധ്വനിഭേദങ്ങളെക്കുറിച്ച് സോദാഹരണം വിവരിക്കുക.

5 കേന്ദ്രമേഖല (Focal Area) , അവശിഷ്ടമേഖല (Relic Area), പരിവർത്തന മേഖല (Transition Area) ഇവ എന്താണ് ?

6 ആഖ്യാനവിജ്ഞാനം (Narratology) –കുറിപ്പെഴുതുക.

7 മാതൃകാപരമായ ഒരു നിഘണ്ടുവിന്റെ ഉള്ളടക്കം വിശദമാക്കുക.

(4 × 2 = 8 weightage)

II. നാലു പുറത്തിൽ കവിയാതെ ഏതെങ്കിലും **നാലു** ചോദ്യത്തിന് ഉത്തരമെഴുതുക. വെയ് റ്റേജ് 3 വീതം :

8 ആന്തരിക പുനഃസൃഷ്ടി (Internal Reconstruction), ബാഹ്യ പുനഃസൃഷ്ടി (External Reconstruction) ഇവ എന്തെന്ന് വിശദമാക്കുക.

9 സ്വനവിജ്ഞാനത്തിലെ വിവിധ പഠനരീതികൾ ഏതെല്ലാം ? അവയിൽ ഏറ്റവും സ്വീകാര്യമായതേത് ? എന്തുകൊണ്ട് ?

CHMK LIBRARY, UNIVERSITY OF CALICUT

10 സ്വനിമാപഗ്രഥനത്തിലെ നടപടിക്രമങ്ങൾ വിവരിക്കുക.

11 രൂപിമം (Morpheme) എന്നാൽ എന്ത് ? രൂപിമവിഭാഗങ്ങൾ ഏതെല്ലാം ? ഉദാഹരണസഹിതം വിശദമാക്കുക.

12 ഭാരതം ഒരു ഭാഷാക്ഷേത്ര (Linguistic Area))മാണെന്ന സങ്കല്പനത്തെ വിശകലനം ചെയ്യുക.

13 ആദാനം എന്നാൽ എന്ത് ? പ്രധാനപ്പെട്ട ആദാനരീതികൾ ഏതെല്ലാം ? സോദാഹരണം വ്യക്തമാക്കുക.

14 ഭാഷാശാസ്ത്രപഠനത്തിൽ കമ്പ്യൂട്ടേഷണൽ ലിംഗ്വിസ്റ്റിക്സിനുള്ള പ്രാധാന്യമെന്ത് ?

(4 × = 12 weightage)

III. ആറു പുറത്തിൽ കവിയാതെ ഏതെങ്കിലും **രണ്ടു** ചോദ്യത്തിന് ഉത്തരമെഴുതുക. വെയ്റ്റേജ് 5 വീതം :

15 മനുഷ്യഭാഷയുടെ വ്യാവർത്തകസ്വഭാവങ്ങൾ എന്തെല്ലാം ?

16 ഉച്ചാരണസ്ഥാനം (Point of Articulation), ഉച്ചാരണ സമ്പ്രദായം (Manner of Articulation) എന്നിവ അനുസരിച്ച് മലയാളത്തിലെ സ്വര-വ്യഞ്ജനങ്ങളുടെ വിഭജനം എങ്ങനെ നിർവഹിക്കാം ?

17 നോം ചോംസ്കിയുടെ വാക്യാപഗ്രഥന സമ്പ്രദായത്തെക്കുറിച്ച് വിവരിക്കുക.

18 സാമൂഹിക ഭാഷാ ശാസ്ത്രത്തിലെ പഠനമേഖലകളെ പരിചയപ്പെടുത്തുക..

(2 × 5 = 10 weightage)

CHMK LIBRARY UNIVERSITY OF CALICUT

**C 4629** (Pages : 2) Name..........................................

Reg. No......................................

# SECOND SEMESTER M.A. DEGREE (REGULAR/SUPPLEMENTARY) EXAMINATION, APRIL 2021

(CBCSS)

Malayalam

MAL 2C 06—HISTORY OF LANGUAGE AND PLANNING

(2019 Admissions)

Time : Three Hours Maximum : 30 Weightage

**General Instructions**

1. *In cases where choices are provided, students can attend* **all** *questions in each section.*
2. *The minimum number of questions to be attended from the Section / Part shall remain the same.*
3. *There will be an overall ceiling for each Section / Part that is equivalent to the maximum weightage of the Section / Part.*

CHMK LIBRARY UNIVERSITY OF CALICUT

I. രണ്ടു പുറത്തിൽ കവിയാതെ ഏതെങ്കിലും **നാലു** ചോദ്യത്തിന് ഉത്തരമെഴുതുക. വെയ്റ്റേജ് 2 വീതം :

1 ഭാഷാചരിത്ര പഠനത്തിൽ 'ഭാഷാകൗടലീയ'ത്തിനുള്ള പ്രാധാന്യമെന്ത് ?

2 ദക്ഷിണ ദ്രാവിഡ ഭാഷകൾ ഏതെല്ലാമാണ് ? അവയുടെ പൊതു സവിശേഷതകൾ വ്യക്തമാക്കുക.

3 അറബി-മലയാളലിപി–കുറിപ്പെഴുതുക.

4 മലയാളം അച്ചടിയുടെ ചരിത്രത്തിൽ ഹോർത്തൂസ് മലബാറിക്കൂസിനുള്ള പ്രാധാന്യം വെളിവാക്കുക.

5 യൂണിക്കോഡ് എന്നാൽ എന്ത് ?

6 ഒരു ഭാഷയെ ക്ലാസ്സിക് ഭാഷയായി അംഗീകരിക്കാൻ വേണ്ട അവശ്യയോഗ്യതകൾ എന്തെല്ലാമാണ് ?

7 മൊബൈൽഫോണിൽ മലയാള ഭാഷയുടെ സാന്നിദ്ധ്യം എത്രത്തോളമുണ്ടെന്ന് കണ്ടെത്തുക.

(4 × 2 = 8 weightage)

II. നാലു പുറത്തിൽ കവിയാതെ ഏതെങ്കിലും **നാലു** ചോദ്യത്തിന് ഉത്തരമെഴുതുക. വെയ്റ്റേജ് 3 വീതം :

8 പൂർവദ്രാവിഡത്തിൽ നിന്ന് സ്വതന്ത്രമായി പിരിഞ്ഞുവന്ന ശാഖയാണ് മലയാളമായി പരിണമിച്ചതെന്ന വാദം സമർത്ഥിക്കാൻ ആറ്റൂർ ഉന്നയിച്ച യുക്തികൾ എന്തെല്ലാം ?

9 വട്ടെഴുത്തു മുതൽ ആര്യ എഴുത്തു വരെയുള്ള മലയാളലിപിയുടെ പരിണാമചരിത്രം സംക്ഷേപിക്കുക.

10 മലയാള ഭാഷയ്ക്ക് ഹെർമ്മൻ ഗുണ്ടർട്ട് നൽകിയ സംഭാവനകൾ അവലോകനം ചെയ്യുക.

11 കേരളത്തിലെ ആദ്യകാല അച്ചടി ശാലകളെ പരിചയപ്പെടുത്തുക.

12 മലയാളം കമ്പ്യൂട്ടിംഗ് രംഗത്തെ കേരള സർക്കാർ സംരംഭങ്ങളെക്കുറിച്ച് വിവരിക്കുക.

13 യന്ത്രതർജ്ജമ (Machine Translation) എന്നാൽ എന്ത് ? അതിന്റെ മേൻമകളും പോരായ്മകളും വിലയിരുത്തുക.

14 ഭാഷാസൂത്രണ(Language Planning)ത്തിന്റെ ലക്ഷ്യവും ആവശ്യകതയും വിശദമാക്കുക.

(4 × 3 = 12 weightage)

III. ആറു പുറത്തിൽ കവിയാതെ ഏതെങ്കിലും **രണ്ടു** ചോദ്യത്തിന് ഉത്തരമെഴുതുക. വെയ്റ്റേജ് 5 വീതം :

15 മലയാള ഭാഷയുടെ ഉല്പത്തിയെ സംബന്ധിച്ചുള്ള കേരളപാണിനിയുടെ നിരീക്ഷണങ്ങൾ വിശകലനം ചെയ്യുക.

16 രാമചരിതം മുതൽ എഴുത്തച്ഛൻ കൃതികൾ വരെയുള്ള മലയാള ഭാഷയുടെ പരിണാമവഴികൾ അവലോകനം ചെയ്യുക.

17 വിവിധ കാലഘട്ടങ്ങളിൽ അച്ചടിക്കു വേണ്ടിയുണ്ടായ ലിപി പരിഷ്ക്കരണ ശ്രമങ്ങളും അവ ഭാഷയിലുണ്ടാക്കിയ പ്രശ്നങ്ങളും വിലയിരുത്തുക.

18 മാതൃഭാഷാസ്നേഹവും മാതൃഭാഷാഭിമാനവും തുലോം കുറഞ്ഞവരാണ് മലയാളികൾ എന്ന അഭിപ്രായം ശരിയാണെങ്കിലും അതിന് ഗുണങ്ങളും ദോഷങ്ങളുമുണ്ട്—നിരൂപിക്കുക.

(2 × 5 = 10 weightage)

CHMK LIBRARY UNIVERSITY OF CALICUT

**C 4628** (Pages : 2) Name.....................................

Reg. No..................................

# SECOND SEMESTER M.A. DEGREE (REGULAR/SUPPLEMENTARY) EXAMINATION, APRIL 2021

(CBCSS)

Malayalam

MAL 2C 05—ADHUNIKA MALAYALA GADHYAM

(ആധുനിക മലയാള ഗദ്യം)

(2019 Admissions)

Time : Three Hours Maximum : 30 Weightage

**General Instructions**

1. *In cases where choices are provided, students can attend* **all** *questions in each section.*
2. *The minimum number of questions to be attended from the Section / Part shall remain the same.*
3. *There will be an overall ceiling for each Section / Part that is equivalent to the maximum weightage of the Section / Part.*

I. രണ്ടു പുറത്തിൽ കവിയാതെ ഏതെങ്കിലും **നാല്** ചോദ്യത്തിന് ഉത്തരമെഴുതുക.

1 ചിത്രകലയുടെ പരിമിതികൾ എന്തെല്ലാം ?

2 'ശാന്ത' എന്ന കഥാപാത്രത്തിന്റെ സ്വഭാവ സവിശേഷതകൾ വിശകലനം ചെയ്യുക.

3 'ഒട്ടകം' എന്ന കഥാപാത്രത്തിന്റെ ലക്ഷണമെന്ത് ? ആ പേര് ലഭിക്കാനിടയായ സാഹചര്യമെന്ത് ?

4 കാരൂരിന്റെ കഥകൾ ഹൃദയസ്പർശിയായിരിക്കുന്നതിന്റെ കാരണം 'മോതിരം' എന്ന കഥയെ ആധാരമാക്കി നിരൂപിക്കുക.

5 'കഷ്ടം ! ഇപ്പോഴത്തെ ഈ ചെറുപ്പക്കാരെല്ലം ഇങ്ങനെ ഗുരുത്വം ഇല്ലാത്ത വഷളന്മാരായിത്തീരുന്നുവല്ലോ. കലിയുഗ വൈഭവം'—വക്താവാര് ? സന്ദർഭം വിശദമാക്കുക.

6 'ഏതായാലും രാജി എനിക്കു വയ്യ. ഞാൻ യുദ്ധക്കളത്തിൽ നിന്ന് വന്നവനാണെന്ന് ഓർമ്മിക്കണം' — ആരുടെ വാക്കുകൾ ? ജീവിതത്തെപ്പറ്റിയുള്ള കാഴ്ചപ്പാട് ഈ വാക്കുകളിൽ പ്രതിഫലിക്കുന്നതെങ്ങനെ ?

7 'കാവ്യ ലോകസ്മരണ'യിലൂടെ വ്യക്തമാകുന്ന വൈലോപ്പിള്ളിയുടെ സ്വഭാവ സവിശേഷതകൾ എന്തെല്ലാം ?

(4 × 2 = 8 weightage)

CHMK LIBRARY UNIVERSITY OF CALICUT

II. നാല് പുറത്തിൽ കവിയാതെ ഏതെങ്കിലും **നാല്** ചോദ്യത്തിന് ഉത്തരമെഴുതുക.

8 'അയോദ്ധ്യയുടെ ശാപം ഇന്നും അവസാനിച്ചിട്ടില്ല '—ശാപം എന്തായിരുന്നുവെന്ന് വ്യക്തമാക്കുക. സന്ദർഭം ഏത് ?

9 'സേതു'വിന്റെ സ്വഭാവ സവിശേഷതകളെപ്പറ്റി വിമർശനബുദ്ധ്യാ വിലയിരുത്തുക.

10 സ്ത്രീപക്ഷരചന എന്ന പരിപ്രേക്ഷ്യത്തിൽ മനുഷ്യപുത്രിയെ നിരൂപണം ചെയ്യുക.

11 'കാളിദാസഭാവന ആവശ്യപ്പെട്ട സമ്പ്രദായത്തിൽ സന്ദേശകാവ്യം ഒന്നേയുള്ളു. 'മേഘസന്ദേശം' —ഈ നിഗമനത്തിൽ മുണ്ടശ്ശേരി എത്തിച്ചേർന്നതെങ്ങനെ ?

12 'എല്ലാ നല്ല കോമിക് നോവലുകളെയും പോലെ വി.കെ.എന്നിന്റെ നോവലുകളും ചരിത്രത്തിന്റെ ഹാസ്യാനുകരണങ്ങളായിത്തീരുന്നു'—എങ്ങനെയെന്ന് വിശദമാക്കുക.

13 പാട്ടായിലെ ഗഡുവാളിന്റെ പുൽക്കുടിലിന്റെ വാതിലിലൂടെ രാജൻ കാക്കനാടൻ കണ്ട പ്രകൃതി സൗന്ദര്യത്തെപ്പറ്റി വിവരിക്കുക.

14 സഞ്ജയന്റെ ആഖ്യാനശൈലിയുടെ സവിശേഷത 'രുദ്രാക്ഷ മാഹാത്മ്യ'ത്തെ ആധാരമാക്കി വിവരിക്കുക.

(4 × 3 = 12 weightage)

III. ആറു പുറത്തിൽ കവിയാതെ ഏതെങ്കിലും **രണ്ട്** ചോദ്യത്തിന് ഉത്തരമെഴുതുക.

15 'ആദിവാസി ജീവിതത്തിന്റെ ചൂഷിതാവസ്ഥ 'നെല്ല്' എന്ന നോവലിൽ സമഗ്രമായി പ്രതിഫലിക്കുന്നുണ്ട്' —നിരൂപിക്കുക.

16 'കടം മനുഷ്യനു ഒഴിച്ചു കൂടാനാവാത്ത ഒന്നായിരിക്കുന്നു–ഭക്ഷണം പോലെ, പ്രാണവായു പോലെ' — ഈ ആശയം 'രാവുണ്ണി' എന്ന നാടകത്തെ എങ്ങനെ മികവുറ്റതാക്കുന്നു ! ചർച്ച ചെയ്യുക.

17 ലളിതാംബിക അന്തർജ്ജനം, മാധവിക്കുട്ടി, അഷിത എന്നീ കാഥികർ ജീവിതവീക്ഷണത്തിൽ വിഭിന്നരാണെങ്കിലും സ്നേഹിക്കാനും സ്നേഹിക്കപ്പെടാനും ഇഷ്ടപ്പെടുന്ന സ്ത്രീത്വത്തെ സാക്ഷാത്ക്കരിക്കാനാണ് കഥകളിലൂടെ യത്നിച്ചത് –പരിശോധിക്കുക.

18 പാശ്ചാത്യവും പൗരസ്ത്യവുമായ കലകൾ തമ്മിലുള്ള സാജാത്യ വൈജാത്യങ്ങളെക്കുറിച്ച് വിശദമാക്കുക.

(2 × 5 = 10 weightage)

CHMK LIBRARY, UNIVERSITY OF CALICUT

**C 4509** (Pages : 2) Name.....................................

Reg. No...................................

# SECOND SEMESTER M.A. DEGREE (SUPPLEMENTARY) EXAMINATION APRIL 2021

(CUCSS)

Malayalam

MAL 2C 06—MALAYALA VYAKARANAM

(2014 Admissions)

Time : Three Hours Maximum : 36 Weightage

I. ഹ്രസ്വഖണ്ഡികയിൽ **പതിനാലു** ചോദ്യങ്ങൾക്കും ഉത്തരമെഴുതുക.

1 പദം എന്നാൽ എന്ത് ?

2 ശിക്ഷ, നിരുക്തം ഇവ എന്താണ് ?

3 പാണിനീയ പ്രദ്യോതം–കുറിപ്പെഴുതുക.

4 "തമിഴിനുള്ളത് ലിപിദാരിദ്ര്യമാണ് ; ധ്വനിദാരിദ്ര്യമല്ല" എന്നു പറയുന്നതിന്റെ അടിസ്ഥാനമെന്ത് ?

5 "മസ്യയഥായോഗം കാദിഷ്ഠപഞ്ചമഃ"—വ്യാഖ്യാനിക്കുക.

6 വിവർത്തനപ്രക്രിയ എന്നാൽ എന്ത് ?

7 നിപാതവും അവ്യയവും തമ്മിലുള്ള ബന്ധം വ്യക്തമാക്കുക.

8 "വിനയെച്ചങ്ങളഞ്ചത്രേ"—അവ ഏതെല്ലാമാണ് ? ഓരോന്നിനെയും നിർവചിക്കുക.

9 വിഭക്ത്യാഭാസം എന്നാൽ എന്ത് ? എത്ര വിധം ? സോദാഹരണം വിവരിക്കുക.

10 "സംഖ്യാവിശേഷണം ചേർന്നാൽ
ക്ലീബേ വേണ്ട ബഹുക്കുറി"
—വിശദീകരിക്കുക.

11 വിശിഷ്ടക്രിയ എന്നാൽ എന്ത് ?

12 ശീലഭാവി, അവധാരകഭാവി–നിർവചിച്ചുദാഹരിക്കുക.

13 "സമാസത്തിൽ പരാധീന-
പ്പെട്ടുപോയ പദങ്ങളിൽ
ദാസദാസന്യായരീത്യാ
ചേരാ ബാഹ്യവിശേഷണം"
—വിശദമാക്കുക.

14 ആഖ്യ, ആഖ്യാനം ഇവ എന്തെന്ന് വ്യക്തമാക്കുക.

(14 × 1 = 14 weightage)

Turn over

CHMK LIBRARY UNIVERSITY OF CALICUT

II. ഓരോന്നിനും ഒന്നരപ്പുറത്തിൽ കവിയാതെ ഏതെങ്കിലും **ഏഴു** ചോദ്യത്തിന് ഉത്തരമെഴുതുക.

15 ആഗമിക വ്യാകരണവും വിവരണാത്മക വ്യാകരണവും തമ്മിലുള്ള വ്യത്യാസമെന്ത് ?

16 തൊൽക്കാപ്പിയം, നന്നൂൽ എന്നീ വ്യാകരണ ഗ്രന്ഥങ്ങളെ പരിചയപ്പെടുത്തുക.

17 'അ'കാരത്തിന്റെ ധ്വനിമൂല്യം കേരള പാണിനി നിർണ്ണയിച്ചിരിക്കുന്നതെങ്ങനെ ?

18 ഭേദകം എന്നാൽ എന്ത് ? എത്ര വിധം ? വിവരിച്ചുദാഹരിക്കുക.

19 മലയാളത്തിലെ ക്രിയാവിശേഷണങ്ങളെക്കുറിച്ചുള്ള സി.എൽ. ആന്റണിയുടെ നിലപാട് വ്യക്തമാക്കുക.

20 കേവലധാതുവിനെ പ്രയോജക പ്രകൃതിയാക്കി മാറ്റാൻ കേരളപാണിനി നിർദ്ദേശിക്കുന്ന മാർഗ്ഗങ്ങൾ എന്തെല്ലാമാണ് ?

21 ലീലാതിലകത്തിലെ ലിംഗവചന പ്രത്യയ ചർച്ച സംക്ഷേപിക്കുക.

22 ''റാവു ചില്ലല്ല കാലത്തിൽ

യാവു ചില്ലെന്നുമോർക്കണം

രാവും ളാവും ചിലേടത്തു

ചില്ലല്ലാത്തതു പോലെയാം''

—ഈ കാരികയുടെ സാഹചര്യവും പ്രസക്തിയും വ്യക്തമാക്കുക.

23 വാക്യവിഭാഗങ്ങൾ ഏതെല്ലാം ? സോദാഹരണം വിവരിക്കുക.

(7 × 2 = 14 weightage)

III. ഓരോന്നിനും അഞ്ചു പുറത്തിൽ കവിയാതെ ഏതെങ്കിലും **രണ്ടു** ചോദ്യത്തിന് ഉത്തരമെഴുതുക.

24 മലയാള വ്യാകരണ പഠനത്തിന് മിഷനറിമാർ നൽകിയ സംഭാവനകൾ വിലയിരുത്തുക.

25 കേരളപാണിനീയത്തിലെ സന്ധികാര്യ ചർച്ചകൾ ക്രോഡീകരിക്കുക.

26 വ്യാകരണ മിത്രത്തിലെയും കേരള പാണിനീയത്തിലെയും നാമവിഭജനം താരതമ്യം ചെയ്യുക.

27 വിഭക്തിയും കാരകവും തമ്മിലുള്ള ബന്ധം വിശകലനം ചെയ്യുക.

(2 × 4 = 8 weightage)

CHMK LIBRARY UNIVERSITY OF CALICUT

**C 3889** (Pages : 2) Name..................................

Reg. No..................................

# SECOND SEMESTER P.G. DEGREE EXAMINATION, APRIL 2021

(CCSS)

Malayalam

MAL 2C 08—LITERARY THEORIES – INDIAN

(2019 Admissions)

Time : Three Hours Maximum : 80 Marks

I. അരപ്പുറത്തിൽ കവിയാതെ ഏതെങ്കിലും **നാലു** ചോദ്യത്തിന് ഉത്തരമെഴുതുക.

1 'ശബ്ദാർത്ഥൗ സഹിതൗ കാവ്യം'—വിശദീകരിക്കുക.

2 ഗുണം എന്നാൽ എന്ത് ? എത്ര വിധം ? വ്യക്തമാക്കുക.

3 നാടകത്തിലെ വിഷ്ക്കംഭവും പ്രവേശകവും തമ്മിലുള്ള വ്യത്യാസമെന്ത് ?

4 അഭിധ എന്നാൽ എന്ത് ? അവാന്തരവിഭാഗങ്ങൾ ഏവ ?

5 പ്രതിവസ്തൂപമാലങ്കാരത്തിന് ലക്ഷ്യലക്ഷണസമന്വയം ചെയ്യുക.

6 ഉപമയും ഉൽപ്രേക്ഷയും തമ്മിലുള്ള സാമ്യവ്യത്യാസങ്ങൾ എന്തെല്ലാം ?

7 വിയോഗിനി വൃത്തത്തിന് ലക്ഷ്യലക്ഷണ സമന്വയം ചെയ്യുക.

(4 × 2 = 8)

II. നാലു പുറത്തിൽ കവിയാതെ ഏതെങ്കിലും **നാലു** ചോദ്യത്തിന് ഉത്തരമെഴുതുക.

8 ദശരൂപകങ്ങൾ ഏതെല്ലാമാണ് ? രൂപഘടന, ഇതിവൃത്തം, കഥാപാത്രം, രസം എന്നിവ ഓരോന്നിലും എങ്ങനെ വ്യത്യാസപ്പെട്ടിരിക്കുന്നുവെന്ന് വിശദമാക്കുക.

9 വക്രോക്തി എന്നാൽ എന്ത് ? കുന്തകൻ ചൂണ്ടിക്കാണിച്ചിരിക്കുന്ന ആറു തരം വക്രതകൾ ഏതെല്ലാം ? വ്യക്തമാക്കുക.

10 ധ്വനിക്കെതിരായി ഉന്നയിക്കപ്പെട്ട പ്രധാന വാദങ്ങൾ ക്രോഡീകരിക്കുക.

11 കാകളി ജന്യവൃത്തങ്ങളെക്കുറിച്ച് സോദാഹരണം വിവരിക്കുക.

12 ഭാഷാഭൂഷണത്തിലെ അലങ്കാര നിർവചനത്തിനെതിരെ ഉയർന്നു വന്ന പ്രധാന വിമർശനങ്ങൾ എന്തെല്ലാമാണ് ? അവ എത്രത്തോളം സ്വീകാര്യമാണെന്ന് പരിശോധിക്കുക.

13 മുതൽപ്പൊരുൾ, കരുപ്പൊരുൾ, ഉരിപ്പൊരുൾ എന്നിവയെ തിണസങ്കല്പത്തിന്റെ അടിസ്ഥാനത്തിൽ വിശകലനം ചെയ്യുക.

(4 × 10 = 40 marks)

CHMK LIBRARY UNIVERSITY OF CALICUT

III. ആറു പുറത്തിൽ കവിയാതെ ഏതെങ്കിലും **രണ്ടു** ചോദ്യത്തിന് ഉത്തരമെഴുതുക.

14 ഭരതന്റെ 'നാട്യശാസ്ത്രം' മുതൽ വാമനന്റെ 'കാവ്യാലങ്കാര സൂത്രവൃത്തി' വരെയുള്ള ധ്വനിപൂർവകാല ഘട്ടത്തിലെ കാവ്യമീമാംസാ ഗ്രന്ഥങ്ങളെ പരിചയപ്പെടുത്തുക.

15 ഉല്പത്തിവാദം, അനുമിതിവാദം, ഭുക്തിവാദം, അഭിവ്യക്തിവാദം എന്നിവയുടെ സാരാംശങ്ങൾ ക്രോഡീകരിക്കുക.

16 ശ്രദ്ധാപൂർവം ആസൂത്രണം ചെയ്ത, സുചിന്തിതമായ ഒരു കാവ്യദർശന പദ്ധതിയാണ് വാമനന്റെ രീതിസങ്കല്പം—നിരൂപിക്കുക.

17 സംസ്കൃത വൃത്ത നിർണ്ണയനത്തിന്റെ അടിസ്ഥാന തത്ത്വങ്ങളെക്കുറിച്ച് 'വൃത്തമഞ്ജരി'യിലെ പരിഭാഷാപ്രകരണത്തിൽ നിന്ന് ലഭ്യമാകുന്ന വിവരങ്ങൾ സംക്ഷേപിക്കുക.

(2 × 16 = 32 marks)

CHMK LIBRARY UNIVERSITY OF CALICUT

**C 3888** (Pages : 2) Name.....................................

Reg. No.....................................

# SECOND SEMESTER P.G. DEGREE EXAMINATION, APRIL 2021

(CCSS)

Malayalam

## MAL 2C 07—LINGUISTICS

(2019 Admissions)

Time : Three Hours Maximum : 80 Marks

I. അരപ്പുറത്തിൽ കവിയാതെ ഏതെങ്കിലും നാലു ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

1 ഭാഷാവിജ്ഞാനം (Philology) എന്നാൽ എന്ത് ?

2 ഏകകാലികവും ബഹുകാലികവുമായ ഭാഷാപഗ്രഥനരീതികൾ തമ്മിലുള്ള വ്യത്യാസമെന്ത് ?

3 രൂപം (Morph), രൂപിമം (Morpheme), ഉപരൂപം (Allomorph)—നിർവചിച്ചുദാഹരിക്കുക.

4 ലീനധ്വനികൾ (Suprasegmental phonemes) എന്നാൽ എന്ത് ?

5 ഉപസ്വന(Allophore)വും സ്വതന്ത്ര പരിവർത്തന(Free variation)വും തമ്മിലുള്ള വ്യത്യാസം സോദാഹരണം വിശദമാക്കുക.

6 ചിഹ്നവിജ്ഞാനീയത്തിലെ സൂചക-സൂചിത ബന്ധത്തെക്കുറിച്ച് വിവരിക്കുക.

7 ആഖ്യാനവിജ്ഞാനം (Narratology) എന്നാൽ എന്ത് ?

(4 × 2 = 8 marks)

II. നാലു പുറത്തിൽ കവിയാതെ ഏതെങ്കിലും നാലു ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

8 ഭാഷകളെ കക്ഷ്യകളായി വിഭജിക്കുന്നതിന് അടിസ്ഥാനമെന്ത് ? പ്രധാനപ്പെട്ട ഭാഷാകക്ഷ്യകൾ ഏവ ? അവയുടെ സ്വഭാവ സവിശേഷതകൾ എന്തെല്ലാം ?

9 ശിശുഭാഷയുടെ വിവിധ ഘട്ടങ്ങളെക്കുറിച്ച് വിവരിക്കുക.

10 സ്വനവിജ്ഞാനത്തിലെ പഠനരീതികൾ ഏതെല്ലാം ? അവയിൽ ഏറ്റവും സ്വീകാര്യമായത് ഏത് ? എന്തുകൊണ്ട് ?

11 വാക്കുകൾക്ക് ഉണ്ടാകാവുന്ന വിവിധതരം അർത്ഥങ്ങളെക്കുറിച്ച് ഉദാഹരണസഹിതം വിശദീകരിക്കുക.

12 ഭാഷാഭേദം രൂപപ്പെടുന്നതിനെ സംബന്ധിച്ചുള്ള സിദ്ധാന്തങ്ങൾ ഏവ ?

13 ഭാഷാശാസ് ത്രവും സാഹിത്യവിമർശനവും സമഞ്ജസമായി സമ്മേളിക്കുന്ന ഒരു പഠനശാഖയാണ് ശൈലീവിജ്ഞാനം—സമർത്ഥിക്കുക.

(4 × 10 = 40 marks)

CHMK LIBRARY UNIVERSITY OF CALICUT

III. ആറു പുറത്തിൽ കവിയാതെ ഏതെങ്കിലും **രണ്ടു** ചോദ്യത്തിന് ഉത്തരമെഴുതുക.

14 മനുഷ്യേതര ജീവികളുടെ ഭാഷയിൽ നിന്നും മനുഷ്യഭാഷയെ വ്യാവർത്തിപ്പിക്കുന്ന പ്രധാന സ്വഭാവ സവിശേഷതകൾ എന്തെല്ലാമെന്ന് വിശദമാക്കുക.

15 മലയാളത്തിലെ സ്വനിമങ്ങളെ അവയുടെ ഉച്ചാരണസ്ഥാനവും ഉച്ചാരണ സമ്പ്രദായവുമനുസരിച്ച് വർഗ്ഗീകരിച്ചിരിക്കുന്നതെങ്ങനെ ?

16 രചനാന്തരണ പ്രജനകവ്യാകരണ (Transformational Generative Grammar)ത്തിന്റെ അടിസ്ഥാന സങ്കല്പനങ്ങളെക്കുറിച്ച് വിവരിക്കുക.

17 ആദാനം (Borrowing) എന്നാൽ എന്ത് ? ആദാനത്തിന്റെ ഫലമായി മലയാളത്തിലേക്കു കടന്നുവന്ന പരകീയപദങ്ങളെ പരിചയപ്പെടുത്തുക.

(2 × 16 = 32 marks)

CHMK LIBRARY UNIVERSITY OF CALICUT

**C 3887** (Pages : 2) Name.....................................

Reg. No...................................

# SECOND SEMESTER P.G. DEGREE EXAMINATION, APRIL 2021

(CCSS)

Malayalam

MAL 2C 06—HISTORY OF LANGUAGE AND PLANNING

(2019 Admissions)

Time : Three Hours Maximum : 80 Marks

I. അരപ്പുറത്തിൽ കവിയാതെ ഏതെങ്കിലും **നാലു** ചോദ്യത്തിന് ഉത്തരമെഴുതുക.

1 ശാസനങ്ങളുടെ പൊതുവായ ഉള്ളടക്കം എന്താണ് ?

2 പാട്ടിന് ലീലാതിലകം നൽകിയ നിർവചനം ഉദ്ധരിച്ച് വിശദീകരിക്കുക.

3 പ്രാചീന-മധ്യകാല മണിപ്രവാള കൃതികൾ തമ്മിൽ ഭാഷാപരമായി എങ്ങനെ വ്യത്യാസപ്പെട്ടിരിക്കുന്നു ?

4 പൂർണ്ണമായും മലയാളത്തിൽ അച്ചടിച്ച പ്രഥമകൃതി ഏത് ? അതിന്റെ പ്രത്യേകതകൾ എന്തെല്ലാം ?

5 കാർഡോനിലിപി—കുറിപ്പെഴുതുക.

6 ഡച്ചുകാർ മലയാളഭാഷയ്ക്കു നൽകിയ പ്രധാന സംഭാവന എന്ത് ?

7 പ്രഥമഭാഷ (Primary Language) എന്നതിന്റെ വിവക്ഷിതം വ്യക്തമാക്കുക.

(4 × 2 = 8 marks)

II. നാലു പുറത്തിൽ കവിയാതെ ഏതെങ്കിലും **നാലു** ചോദ്യത്തിന് ഉത്തരമെഴുതുക.

8 കേരളപാണിനി അവതരിപ്പിച്ച ആറു നയങ്ങൾക്ക് മലയാളഭാഷോല്പത്തി വിചാരത്തിലുള്ള പ്രാധാന്യമെന്ത് ?

9 മലയാളം അച്ചടിയുടെ പ്രതിഷ്ഠാപകൻ എന്ന നിലയിൽ ബഞ്ചമിൻ ബയ്‌ലിയെ പരിചയപ്പെടുത്തുക.

10 യന്ത്രതർജ്ജമയുടെ നേട്ടങ്ങളും കോട്ടങ്ങളും അവലോകനം ചെയ്യുക.

11 പ്രാചീന ഗദ്യത്തിന്റെ ഭാഷാസ്വഭാവങ്ങൾ 'ഭാഷാകൗടലീയ'ത്തിൽ എത്രത്തോളം പ്രതിഫലിക്കുന്നുണ്ടെന്ന് പരിശോധിക്കുക.

12 മലയാളലിപി ഇന്നത്തെ നിലയിലെത്തിയത് അനേകം ചരിത്രഘട്ടങ്ങളിലൂടെയും പരിഷ്കരണ ശ്രമങ്ങളിലൂടെയും കടന്നു വന്നിട്ടാണ് –വിശദീകരിക്കുക.

13 ഭാഷാസൂത്രണം (Language Planning) എന്നാൽ എന്ത് ? അതിന്റെ ലക്ഷ്യവും സാധ്യതകളും വിലയിരുത്തുക.

(4 × 10 = 40 marks)

CHMK LIBRARY UNIVERSITY OF CALICUT

III. ആറു പുറത്തിൽ കവിയാതെ ഏതെങ്കിലും **രണ്ടു** ചോദ്യത്തിന് ഉത്തരമെഴുതുക.

14 ദ്രാവിഡ കുടുംബത്തിലെ ഭാഷകൾ ഏതെല്ലാം ? അവയുടെ പ്രധാന സവിശേഷതകൾ വിശദമാക്കുക.

15 ചരിത്രപണ്ഡിതനായ ഇളംകുളം കുഞ്ഞൻപിള്ള തന്റെ മിശ്രഭാഷാവാദം വിശകലനം ചെയ്യുന്നത് ഭാഷാപരമായ തെളിവുകളേക്കാൾ ദേശചരിത്രപരമായ വസ്തുതകളെ ആധാരമാക്കിയാണ് —നിരൂപിക്കുക.

16 മലയാള ഭാഷാ കമ്പ്യൂട്ടിംഗ് നേരിടുന്ന വെല്ലുവിളികളെ സംബന്ധിച്ച് സന്തോഷ് തോട്ടിങ്ങൽ പ്രകടിപ്പിക്കുന്ന അഭിപ്രായങ്ങൾ ക്രോഡീകരിക്കുക.

17 ഭരണഭാഷ, അധ്യയനഭാഷ, സാങ്കേതികഭാഷ എന്നീ നിലകളിൽ മലയാളത്തിന്റെ സാധ്യതകളും പരിമിതികളും അവലോകനം ചെയ്യുക.

(2 × 16 = 32 marks)

CHMK LIBRARY UNIVERSITY OF CALICUT

**C 3886**

Pages :

Name.......................................

Reg. No...................................

# SECOND SEMESTER P.G. DEGREE EXAMINATION, APRIL 2021

(CCSS)

Malayalam

MAL 2C 05—MODERN MALAYALAM PROSE (ആധുനിക മലയാളഗദ്യം)

(2019 Admissions)

Time : Three Hours                                                                 Maximum : 80 Marks

I. അരപ്പുറത്തിൽ കവിയാതെ ഏതെങ്കിലും **നാല്** ചോദ്യത്തിന് ഉത്തരമെഴുതുക.

1 ഇരുമ്പൻ ഗോവിന്ദൻ നായർ സുലൈമാനായതെങ്ങനെ ?

2 കടയനെല്ലൂരിൽ വന്നതിനുശേഷം ബാലചന്ദ്രൻ സംശയാത്മാവായി മാറിയതെന്തു കൊണ്ട് ?

3 'മമ്മളഹാജിയുടെ മരണവാർത്ത കേട്ടപ്പോൾ ഏറെ സന്തോഷിച്ചത് മുക്രി എറമുള്ളാനാണ്' കാരണ മെന്ത് ?

4 'ദൈവത്തെക്കൊണ്ട് എനിക്ക് വലിയ ശല്യമില്ല : മനുഷ്യനാണ് ഉപദ്രവിക്കുന്നത്'— വക്താവാര് ? ഈ കാഴ്ചപ്പാടിന്റെ പൊരുളെന്ത് ?

5 'രീതിയേതായാലും മനുഷ്യൻ കടക്കാരനായാൽ മതിയെന്നാ !'—ഈ വാക്കുകളുടെ ധ്വനിയെന്ത് ?

6 വലിയ കോയിത്തമ്പുരാനെപ്പോലെയുള്ള അനുകർത്താക്കളുടെ പരാജയത്തെപ്പറ്റി മുണ്ടശ്ശേരിയുടെ അഭിപ്രായമെന്ത് ?

7 കലാവൈവിധ്യത്തിനുള്ള കാരണങ്ങൾ എന്തെല്ലാം ?

(4 × 2 = 8 marks)

II. നാലു പുറത്തിൽ കവിയാതെ ഏതെങ്കിലും **നാല്** ചോദ്യത്തിന് ഉത്തരമെഴുതുക.

8 ചിത്രകലയും കാവ്യകലയും തമ്മിലുള്ള വ്യത്യാസമെന്ത് ?

9 'മൗലികമായ ഏതു പ്രശ്നത്തിലേക്കാണ് അഥരണ്ട വെന്തീഞ്ഞ ഇന്നാ' എന്ന കഥ വിരൽ ചൂണ്ടുന്നത്. വിശദ മാക്കുക.

10 'സ്വാർത്ഥസിദ്ധിക്ക് എത്ര ക്രൗര്യകർമ്മവും ചെയ്യാൻ മടിയില്ലാത്തവനാണ് വൈത്തിപ്പട്ടർ !' —ഈ അഭിപ്രായത്തെ അടിസ്ഥാനമാക്കി കഥാപാത്രത്തെ വിശകലനം ചെയ്യുക.

11 ശ്രീകണ്ഠൻനായരുടെ ദുരന്ത നാടക ദർശനം 'കാഞ്ചനസീത'യെ മുൻനിർത്തി പരിശോധിക്കുക.

12 'ജീവിതാനുഭവങ്ങളുടെ സമ്പന്നമായ കലവറയിൽ നിന്നും വൈലോപ്പിള്ളി കൈരളിക്ക് നീട്ടി – കനപ്പെട്ടൊരു ഉപഹാരമാണ് കാവ്യലോകസ്മരണ'—ചർച്ച ചെയ്യുക.

13 വി.കെ.എന്നിന്റെ ഹാസ്യ ഭാവനയ്ക്ക് അശ്ലീലവുമായി ബന്ധമുണ്ടെന്ന് കെ.പി. അപ്പൻ സമർത്ഥി ന്നതെങ്ങനെ ?

(4 × 10 = 40

CHMK LIBRARY UNIVERSITY OF CALICUT

III. ആറു പുറത്തിൽ കവിയാതെ ഏതെങ്കിലും **രണ്ട്** ചോദ്യത്തിന് ഉത്തരമെഴുതുക.

14 ആധുനിക മനുഷ്യന്റെ സ്വാർത്ഥതയുടെയും ആത്മാനുതാപത്തിന്റെയും പ്രാതിനിധ്യമാണ് 'കാലം' എന്ന നോവലിലെ സേതുവിനുള്ളത്—ശരിയോ ? പരിശോധിക്കുക.

15 മലയാള ചെറുകഥയിൽ സംഭവിച്ച പരിണാമങ്ങളേയും പരീക്ഷണങ്ങളേയും കുറിച്ച് പാഠഭാഗത്തുള്ള കഥകളെ ആധാരമാക്കി ചർച്ച ചെയ്യുക.

16 പരിസ്ഥിതി അവബോധമുളവാക്കുന്ന യാത്രാവിവരണമാണ് 'ഹിമവാന്റെ മുകൾത്തട്ടിൽ'—വഴിയമ്പലത്തിലും പുൽത്തകിടിയിലും എന്ന അധ്യായത്തെ ആധാരമാക്കി നിരൂപിക്കുക.

17 'ജനതയെ പണയപ്പണ്ടമാക്കി അപമാനവീകരിക്കുന്ന അധികാരശക്തികളുടെ അഹന്തയോടുള്ള തീക്ഷ്ണമായ സമരമാണ് 'രാവുണ്ണി'യുടെ പ്രമേയം—വിമർശനാത്മകമായി വിലയിരുത്തുക.

(2 × 16 = 32 marks)

CHMK LIBRARY UNIVERSITY OF CALICUT